G.O.(Rt)No.2655/2020/GEDN

File No.GEDN-M1/151/2020-G.EDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തടസ്സം കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനുള്ള അനുമതി - സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

G.O(Rt)No.2655/2020/GEDN , dated, 24/09/2020

---

പരാമർശം:- 1. 24/01/2019-ലെ സ.ഉ(സാ.ധാ) നമ്പർ 319/2019/പൊ.വി.വ.

2. 'സംഗീത സൊസൈറ്റി -മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾ' കോർപ്പറേറ്റ് മാനേജരുടെ 26/02/2019-ലെ നിവേദനം.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് കെട്ടിടങ്ങൾ ഒന്നും നിലവിലില്ലാത്ത പ്രദേശങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറി ആവശ്യപ്പെടുന്നപക്ഷം ചില വ്യവസ്ഥകളോടെ സംസ്ഥാനത്തെ ഗവൺമെന്റ് - എയ്ഡഡ് സ്കൂളുകൾ വിട്ടുനൽകുവാൻ എല്ലാ സർക്കാർ -എയ്ഡഡ് സ്കൂളുകളിലെയും പ്രധാനാദ്ധ്യാപകരേയും പ്രിൻസിപ്പൽമാരേയും മാനേജർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. എയ്ഡഡ് സ്കൂളുകളുടെ മേൽനോട്ടവും നടത്തിപ്പും മാനേജർമാരിൽ നിക്ഷിപ്തമാണെന്നിരിക്കെ പരാമർശം (1) ഉത്തരവിന്റെ വെളിച്ചത്തിൽ , മാനേജ്മെന്റിന്റെ അനുവാദം കൂടാതെ പ്രധാനാദ്ധ്യാപകർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്ക് തങ്ങളുടെ സ്കൂളുകൾ വിട്ടുനൽകിയത് ടി സർക്കാർ ഉത്തരവിന്റെ ദുരുപയോഗമാണെന്നും പ്രസ്തുത സാഹചര്യത്തിൽ , ടി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായി എയ്ഡഡ് സ്കൂളുകൾ വിട്ടുകൊടുക്കാനുള്ള അധികാരം മാനേജർമാർക്ക് മാത്രമായി നൽകുന്നതിനായി പ്രസ്തുത ഉത്തരവിൽ വ്യക്തതവരുത്തണമെന്നും പരാമർശം (2) പ്രകാരം കോർപ്പറേറ്റ് മാനേജർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 ന്റെ അവസാനഭാഗമായ "സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് സ്കൂൾ പ്രാധാനാദ്ധ്യാപകരേയും/ പ്രിൻസിപ്പൽമാരേയും / മാനേജർമാരേയും " എന്നത് "സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലെയും പ്രധാനാദ്ധ്യാപകരേയും /പ്രിൻസിപ്പൽമാരേയും എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരേയും " എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

4. പ്രസ്തുത ഭേദഗതിയോടെ പരാമർശം (1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A. SHAJAHAN

SECRETARY

1. Corporate Manager Sangeetha Society Management Corporate Aided Schools, Kothmangalam, Ernakulam, Sangeethaplantation, Thattekkad - 686681.
2. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, വെള്ളയമ്പലം , തിരുവനന്തപുരം - 686681.

Scanned with CamScanner

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.

പുറത്തെഴുത്ത് നം. എം(4)/94633/2020/ഡി.ജി.ഇ.

തീയതി: 22..10..2020.

സർക്കാർ ഉത്തരവിന്റെ പകർപ്പ് താങ്കളുടെ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ)
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എല്ലാ പ്രധാനാദ്ധ്യാപകർക്കും (ജില്ലാ ഓഫീസർമാർ മുഖേന)

പുറത്തെഴുത്ത് നം. 5963/20 തീയതി 1/11/20 ജി.വി.ഒ, തൃശ്ശൂർ

പി.ആർ

സർക്കാർ ഉത്തരവിന്റെ പകർപ്പ് താങ്കളുടെ അറിവിലേക്കും തുടർനടപടികൾക്കായി നൽകുന്നു.

ജി.വി.ഒ 6/11/2020
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ഗവ:, എയ്ഡഡ് പ്രധാന അധ്യാപകർക്കും.

6/11/20

6/11

Scanned with CamScanner